## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ:2833** | **13.03.2020 ൽ മറുപടിയ്ക്ക്**

**<u>ഭൂപതിവ് ചട്ടങ്ങൾ ലംഘിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം</u>**

**ശ്രീ.അനിൽ അക്കര**

**<u>മറുപടി</u>**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | 1964-ലെ ഭൂപതിവ് ചട്ടങ്ങൾ ലംഘിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിരോധനം സംസ്ഥാനം മുഴുവനും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുവാൻ കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ; | (എ) | ഇല്ല. എന്നാൽ WP(C)17983/2019 നമ്പർ കേസിലെ 30/01/2019 - ലെ വിധി ന്യായത്തിൽ സംസ്ഥാനമൊട്ടുക്കുമുള്ള പട്ടയഭൂമിയിലെ നിർമ്മാണങ്ങൾക്ക് ഏത് ആവശ്യത്തിനാണ് ഭൂമി അനുവദിച്ചതെന്ന വില്ലേജ് ആഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമെ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുവാൻ പാടുള്ളൂവെന്ന് നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകി ബഹു.കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) യും (സി) യും | പ്രസ്തുത വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ കൂടുതൽ സമയം അനുവദിക്കണമെന്ന് ഹൈക്കോടതിയിൽ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**